**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 189** **08-08-2023 - ൽ മറുപടിയ്ക്ക്**

**മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മംഗൽപാടി താലൂക്ക് ആസ്ഥാന ആശു പത്രിയിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച കെട്ടിടത്തിന് 17,47,02,602/- രൂപയുടെ ഭരണാനുമതിയും 13.737 കോടി രൂപയുടെ ധനാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ DSR-2016 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR-2018 ലേക്ക് മാറ്റി പുതുക്കിയ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ആയതിനായുള്ള വിശദമായ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് സമർപ്പിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി തലത്തിൽ സ്വീകരിച്ചുവരുന്നു. പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവർത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതില്ലൂടെ മംഗൽപാടി താലൂക്ക് ആശുപത്രിക്ക് ലഭ്യമാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത കെട്ടിടം പൂർത്തിയാകുന്നതോടെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി താഴെപറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.<br><br>Casualty, 13 OP കൗണ്ടർ rooms, Laboratory, X-ray Room,CT/MRI Room,Ultra Sound Scan Room, 11 bed Observation Room, 6 bed ICU, Minor OT, Patient waiting area, 10 bed Examination Room, Doctors Room, Nursing Room, Pharmacy Store, 6 Toilet, Electrical Room. |

സെക്ഷൻ ഓഫീസർ